(ഡി) ക്ഷീരമേഖലയിലേക്ക് കൂടുതൽ ചെറുപ്പക്കാർ കടന്നുവരുന്നതിന് വേണ്ടിയും കന്നുകാലി ഫാമുകൾക്ക് പ്രത്യേക സഹായം നൽകുന്ന രീതിയിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) പൊതുവെ കാർഷികവൃത്തിയോട് പുതുതലമുറയിൽപ്പെട്ട ചെറുപ്പക്കാർക്ക് വൈമുഖ്യം ഉണ്ടെങ്കിലും ക്ഷീരമേഖലയിൽ യുവജനങ്ങളായ സംരംഭകർ കടന്നു വരുന്നതായാണ് കാണുന്നത്.

(ബി) വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലെ ഘടകങ്ങളായ ഡയറി യൂണിറ്റുകൾ, ഡയറി ഫാമിന്റെ ആധുനികവത്ക്കരണം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികൾ മുഖേന കന്നുകാലി ഫാം നടത്തുന്ന ചെറുപ്പക്കാർക്ക് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്. ക്ഷീരോത്പാദനത്തിന്റെ ചെലവിന്റെ 75%-വും തീറ്റയ്ക്കാണ് ആവശ്യമായിവരുന്നത്. ആയത് പരമാവധി കുറയ്ക്കുന്നതിനാവശ്യമായ തീറ്റപ്പുൽക്കൃഷി പദ്ധതിക്കും തൊഴിച്ചെലവ് കുറയ്ക്കുന്നതിനായി കറവ, ക്ലീനിംഗ്, വെള്ളം നൽകൽ എന്നിവയ്ക്കുള്ള യന്ത്രസംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

35 (5382) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസഹകരണ മേഖലയിലേക്ക് കൊണ്ടുവരിക, ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉണ്ടാക്കുക, സംഭരണവും വിപണനവും മെച്ചപ്പെടുത്തുക, ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന ഗുണനിലവാരം കൈവരിക്കുക, സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവത്ക്കരിക്കുകയും ചെയ്യുക, ഗ്രാമവിവര കേന്ദ്രങ്ങളായി ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. മിൽമ നടപ്പാക്കുന്ന പദ്ധതികൾ മുഖേന, സംഘങ്ങളുടെ കാര്യക്ഷമതയും ശാക്തീകരണവും വർദ്ധിപ്പിക്കുക, സംഘങ്ങൾക്ക് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ മെഷീനുകൾ നൽകുക, ക്ഷീര കർഷകർക്ക് അവർ നൽകിയ പാലിന്റെ ഗുണനിലവാരവും പാൽ വിലയും ഉടൻതന്നെ അറിയുവാൻ സാധ്യമാക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു.

(സി) ഇതിനായി വകുപ്പ് വിവിധ പദ്ധതികൾ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും, ജില്ലാ/യൂണിറ്റുതല ഓഫീസുകൾ മുഖേന ടി പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംഘങ്ങളുടെ നവീകരണത്തിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

മിൽമയുടെ വികസനത്തിന് പദ്ധതി

36 (5383) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയുടെ വികസനത്തിനും പുരോഗതിയ്ക്കും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?